**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കൊപ്പം ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - 2008-09 - ഖണ്ഡിക 3(12) - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ) നം. 532/15/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 21/02/2015**

---

**പരാമർശം:-** **1) പഞ്ചായത്ത് ഡയറക്ടറുടെ 19/05/2014-ലെ എം3-15395/14 നമ്പർ കത്ത്.**
**2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 20/09/2014-ലെ L.F 10862/PT2/14 നമ്പർ കത്ത്.**

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(12) പ്രകാരം 68,299/- രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10/01/2014-ലെ 3(4)-ാം നമ്പർ തീരുമാന പ്രകാരം 31/03/2008 വരെയുള്ള കറന്റ് ചാർജ്ജ് കുടിശ്ശിക അടച്ച് കണക്ഷൻ പുനസ്ഥാപിക്കുന്നതിലേക്കായാണ് വൈദ്യുതി ബോർഡ് നിർണ്ണയിച്ച പിഴ അടച്ചത് എന്നറിയിച്ചിട്ടുണ്ട്. 28/01/2014-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി, യോഗ തീരുമാനം നം. 9 പ്രകാരം, ഒരു സർക്കാർ സ്ഥാപനത്തിലേക്കാണ് തുക അടവാക്കിയത് എന്ന കാരണത്താൽ സർക്കാർ സാധൂകരണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ ഖണ്ഡിക 3-12 ന് സർക്കാർ സാധൂകരണം അനുവദിക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും കൊപ്പം ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയുടെ 10/01/2014-ലെ 3(4)-ാം നമ്പർ തീരുമാനത്തിന്റെയും 28/01/2014-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 9-ാം നമ്പർ തീരുമാനത്തിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(12) പ്രകാരം തടസ്സപ്പെടുത്തിയ 68,299/- രൂപ (അറുപത്തിയെട്ടായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിയൊമ്പത് രൂപ മാത്രം)യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാലമ്മ എബ്രഹാം
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കൊപ്പം ഗ്രാമപഞ്ചായത്ത്, പാലക്കാട്
സെക്രട്ടറി, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ